പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2515

13.2.2013 ൽ
മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് ;<br>ശ്രീ. സി.എഫ്. തോമസ് ;<br>ശ്രീ. റ്റി.യു. കുരുവിള ;<br>ശ്രീ. തോമസ് ഉണ്ണിയാടൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| എ) 'സ്മാർട്ട്സിറ്റി' സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | എ) സ്മാർട്ട്സിറ്റി പദ്ധതിയിൽ ഉൾപ്പെട്ട 246 ഏക്കർ സ്ഥലം സ്മാർട്ട്സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ചറിന് പാട്ടത്തിന് നൽകുവാനുള്ള പാട്ട കരാർ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഈ ഭൂമിക്ക് ഒറ്റ സെസ് പദവി കേന്ദ്ര ഗവൺമെന്റിന്റെ ബോർഡ് ഓഫ് അപ്രൂവലിന്റെ പരിഗണനയിലാണ്.<br>ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം 1 MLD ജലം നൽകുന്നതിനാവശ്യമായ നടപടികൾ കിൻഫ്രയും 10 MVA വൈദ്യുതി അവർ ആവശ്യപ്പെടുന്നത് അനുസരിച്ച് നൽകുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന വൈദ്യുതി ബോർഡും സ്വീകരിച്ചുവരുന്നു. |
| ബി) സ്മാർട്ട്സിറ്റി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കുന്നതിന് തടസ്സമായി എന്തൊക്കെ കാര്യങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ; | ബി) തടസ്സങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. |
| സി) സ്മാർട്ട്സിറ്റിയുടെ ഉപകേന്ദ്രങ്ങൾ തിരുവനന്തപുരത്തും, കോഴിക്കോട്ടും ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | സി) സ്മാർട്ട്സിറ്റിയുടെ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ